# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം-686 560

ഫോൺ: 0481 – 2733298, മൊബൈൽ : 9495119702


2019 ഒക്ടോബർ 18

# വാർത്താക്കുറിപ്പ്

## പരീക്ഷഫലം

2019 ഓഗസ്റ്റിൽ സ്‌കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ടിൽ നടന്ന പി.എച്ച്.ഡി. കോഴ്‌സ് വർക്ക് (ലോ - സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ/39/1836/2019)

2018 ഡിസംബറിൽ നടന്ന അഞ്ചാം സെമസ്റ്റർ ഡി.ഡി.എം.സി.എ. (2016 അഡ്മിഷൻ റഗുലർ, 2014, 2015 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും നവംബർ ഒന്നുവരെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/1837/2019)

2019 മെയിൽ നടന്ന ഏഴാം സെമസ്റ്റർ എൽ.എൽ.ബി. (പഞ്ചവത്സരം - 2007-2010 അഡ്മിഷൻ സപ്ലിമെന്ററി, 2006 അഡ്മിഷൻ ആദ്യ മേഴ്‌സി ചാൻസ്, 2006ന് മുമ്പുള്ള അഡ്മിഷൻ രണ്ടാം മേഴ്‌സി ചാൻസ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക്ടോബർ 31 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/1838/2019)

2019 മെയിൽ നടന്ന നാലാം സെമസ്റ്റർ മാസ്റ്റർ ഓഫ് ഹ്യൂമൻ റിസോഴ്‌സ് മാനേജ്‌മെന്റ് (റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക്ടോബർ 29 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/1839/2019)

2019 മെയിൽ നടന്ന നാലാം സെമസ്റ്റർ എം.എ. മലയാളം (സി.എസ്.എസ്. - റഗുലർ/സപ്ലിമെന്ററി/ഇംപ്രൂവ്‌മെന്റ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും നവംബർ ഒന്നുവരെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/1840/2019)

## പെൻഷൻകാർ ആന്റിസിപ്പേറ്ററി ഇൻകംടാക്‌സ് വിവരങ്ങൾ നൽകണം

മഹാത്മാ ഗാന്ധി സർവകലാശാലയിലെ പെൻഷൻകാർ 2019-20 സാമ്പത്തിക വർഷത്തെ ആദായനികുതി കണക്കാക്കുന്നതിനുള്ള ആന്റിസിപ്പേറ്ററി ഇൻകംടാക്‌സ് വിവരങ്ങൾ നൽകണം. ആന്റിസിപ്പേറ്ററി ഇൻകംടാക്‌സ് സ്റ്റേറ്റ്‌മെന്റ് ഫോറം www.mgu.ac.in എന്ന വെബ്‌സൈറ്റിലെ 'circular' എന്ന ലിങ്കിൽ ലഭ്യമാണ്. ഡൗൺലോഡ് ചെയ്ത ഫോറത്തിൽ ആവശ്യമായ വിവരങ്ങൾ രേഖപ്പെടുത്തി സേവിംഗ്‌സ് സംബന്ധമായ രേഖകളുടെ പകർപ്പുകൾ സഹിതം 'രജിസ്ട്രാർ, മഹാത്മാ ഗാന്ധി സർവകലാശാല, പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686560' എന്ന വിലാസത്തിലോ ada8@mgu.ac.in എന്ന ഇമെയിലിലോ എത്രയും വേഗം അയയ്‌ക്കേണ്ടതാണ്.

(പി.ആർ.ഒ/39/1841/2019)

## സ്പീച്ച് തെറാപ്പിസ്റ്റ്, ക്ലിനിക്കൽ സൈക്കോളജിസ്റ്റ് സേവനം

മഹാത്മാ ഗാന്ധി സർവകലാശാല ഇന്റർ യൂണിവേഴ്‌സിറ്റി സെന്റർ ഫോർ ഡിസബിലിറ്റി സ്റ്റഡീസിൽ പ്രവർത്തിക്കുന്ന ഡിസബിലിറ്റി റീഹാബിലിറ്റേഷൻ ഏർളി അസസ്‌മെന്റ് ആന്റ്

മാനേജ്മെന്റ് സർവീസസിൽ (ഡ്രീംസ്) മാനസികാരോഗ്യപ്രശ്നങ്ങൾ, സംസാരഭാഷാ പ്രശ്നങ്ങൾ എന്നീ മേഖലയിലും കുട്ടികളിലെ സംസാര ഭാഷാപ്രശ്നങ്ങൾ, ബുദ്ധിവികാസം, കുട്ടികളിലും കൗമാരക്കാരിലും മുതിർന്നവരിലുമുള്ള മാനസികാരോഗ്യപ്രശ്നങ്ങൾ എന്നിവയിലും സ്പീച്ച് തെറാപ്പിസ്റ്റ്, ക്ലിനിക്കൽ സൈക്കോളജിസ്റ്റ് എന്നിവരുടെ സേവനം ലഭ്യമാണ്. വിശദവിവരത്തിന് ഫോൺ: 0481-2731580.

(പി.ആർ.ഒ/39/1842/2019)

## എം.ജി. കേന്ദ്രീകൃത മൂല്യനിർണയക്യാമ്പുകൾ നവംബർ 18 മുതൽ; മൂല്യനിർണയത്തിന് ഒൻപത് ലക്ഷം ഉത്തരക്കടലാസുകൾ

**- ക്യാമ്പ് ഒൻപത് കേന്ദ്രങ്ങളിലായി**

ഒന്ന്, മൂന്ന്, അഞ്ച് സെമസ്റ്റർ ബിരുദപരീക്ഷകളുടെയും ഒന്ന്, മൂന്ന് സെമസ്റ്റർ ബിരുദാനന്തര ബിരുദ പരീക്ഷകളുടെയും മൂല്യനിർണയക്യാമ്പുകൾ നവംബർ 18 മുതൽ 29 വരെ നടക്കുമെന്ന് വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് പറഞ്ഞു. കേന്ദ്രീകൃത മൂല്യനിർണയക്യാമ്പുകളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് ചേർന്ന പരീക്ഷബോർഡ് ചെയർമാന്മാരുടെ യോഗം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. മൂല്യനിർണയം അതിവേഗത്തിൽ നടത്തി പരീക്ഷഫലം സമയബന്ധിതമായി നൽകാനുള്ള നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വൈസ് ചാൻസലർ പറഞ്ഞു. ഒൻപത് കേന്ദ്രങ്ങളിലായാണ് മൂല്യനിർണയ ക്യാമ്പ് നടക്കുന്നത്. ഓരോ ക്യാമ്പിലും 600 അധ്യാപകർ പങ്കെടുക്കും. ആകെ ഒൻപത് ലക്ഷം ഉത്തരക്കടലാസുകളാണ് മൂല്യനിർണയം ചെയ്യുക. മൂല്യനിർണയം നടക്കുന്ന ദിവസങ്ങളിൽ കോളേജുകളിൽ ക്ലാസ് ഉണ്ടായിരിക്കില്ല. ക്യാമ്പിൽ അധ്യാപകരെ പങ്കെടുപ്പിക്കാൻ പ്രിൻസിപ്പൽമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ക്യാമ്പിൽ പങ്കെടുക്കുന്ന അധ്യാപകരെ ഉത്തരവ് നൽകി നിയോഗിക്കാൻ പ്രിൻസിപ്പൽമാരെ ചുമതലപ്പെടുത്തി. സ്വാശ്രയ കോളേജുകളിലെ അധ്യാപകരടക്കം മൂല്യനിർണയ ക്യാമ്പുകളിൽ പങ്കെടുക്കേണ്ടതുണ്ട്. ഓരോ ക്യാമ്പിന്റെയും നടത്തിപ്പിനായി സിൻഡിക്കേറ്റ് അംഗങ്ങൾക്ക് മേൽനോട്ട ചുമതല നൽകിയിട്ടുണ്ട്. ക്യാമ്പ് ഡയറക്ടർമാരെയും നിയോഗിച്ചിട്ടുണ്ട്. പ്രോ വൈസ് ചാൻസലർ പ്രൊഫ. സി.റ്റി. അരവിന്ദകുമാർ യോഗത്തിൽ അധ്യക്ഷത വഹിച്ചു. സിൻഡിക്കേറ്റംഗങ്ങളായ അഡ്വ. പി.കെ. ഹരികുമാർ, ഡോ. ആർ. പ്രഗാഷ്, പ്രൊഫ. ടോമിച്ചൻ ജോസഫ്, ഡോ. എ. ജോസ്, ഡോ. പി.കെ. പത്മകുമാർ, ഡോ. എം.എസ്. മുരളി, പരീക്ഷ കൺട്രോളർ പ്രൊഫ. പ്രകാശ് കുമാർ എന്നിവർ പങ്കെടുത്തു.

### ഫോട്ടോ ക്യാപ്ഷൻ

**കേന്ദ്രീകൃത മൂല്യനിർണയക്യാമ്പുകളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് ചേർന്ന പരീക്ഷബോർഡ് ചെയർമാന്മാരുടെ യോഗം വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് ഉദ്ഘാടനം ചെയ്യുന്നു**

(പി.ആർ.ഒ/39/1843/2019)

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ